## റിട്രഞ്ച്മെന്റ് നഷ്ടപരിഹാരം നല്കിയത് ഒരു വർഷത്തിനു ശേഷം: പിരിച്ചുവിട്ട തൊഴിലാളിയെ 50% മുൻകാല വേതനത്തോടെ തിരിച്ചെടുക്കണം

### പഞ്ചാബ്-ഹരിയാന ഹൈക്കോടതി

C.W.P. No. 5398/2014 Dt. 4.12.2019

ജസ്വിന്ദർ സിങ്

x

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ

1999-ലാണ് തൊഴിലാളി സ്ഥാപനത്തിൽ നിയമിതനായത്. അന്നു മുതൽ കളങ്കരഹിതമായ സേവനമാണ് തൊഴിലാളി കാഴ്ചവച്ചത്. എന്നാൽ യാതൊരു മുന്നറിയിപ്പുമില്ലാതെ 2005-ൽ മേനേജ്മെന്റ് അയാളെ റിട്രഞ്ച് ചെയ്തു. ഒരു മാസത്തെ നോട്ടീസിനു പകരമുള്ള വേതനം നല്കിയെങ്കിലും നഷ്ടപരിഹാരം നല്കാൻ മേനേജ്മെന്റ് തയ്യാറായില്ല. ഒരു വർഷം കഴിഞ്ഞപ്പോൾ നഷ്ടപരിഹാരമായി 9,118 രൂപ മേനേജ്മെന്റ് തൊഴിലാളിക്കു നല്കി. അതിൽ തൃപ്തനാകാത്ത തൊഴിലാളി വ്യവസായ തർക്കം ഉന്നയിച്ചു. സംസ്ഥാന സർക്കാർ അത് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിലേക്ക് റഫർ ചെയ്തു. റിട്രഞ്ച്മെന്റ് വ്യവസ്ഥകൾ പാലിക്കാതെ പിരിച്ചുവിട്ട തന്നെ തിരിച്ചെടുക്കണമെന്ന് തൊഴിലാളി ആവശ്യപ്പെട്ടു. തൊഴിലാളിക്ക് റിട്രഞ്ച്മെന്റ് നഷ്ടപരിഹാരം നല്കിയിട്ടുണ്ടെന്നും വ്യവസ്ഥകളെല്ലാം പാലിച്ചാണ് തൊഴിലാളിയെ പിരിച്ചുവിട്ടതെന്നും മേനേജ്മെന്റ് വാദിച്ചു. റിട്രഞ്ച് ചെയ്യുമ്പോൾ തന്നെ നഷ്ടപരിഹാരം നല്കേണ്ടതാണെന്നും പിന്നീട് നല്കിയാൽ വ്യവസ്ഥകൾ പാലിച്ചതായി കണക്കാക്കാനാവില്ലെന്നും ചൂണ്ടിക്കാട്ടിയ ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ തൊഴിലാളിക്ക് നഷ്ടപരിഹാരമായി ഇരുപതിനായിരം രൂപ നല്കിയാൽ മതിയെന്നും തിരിച്ചെടുക്കേണ്ടതില്ലെന്നും വിധിച്ചു. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. വ്യവസ്ഥകൾ പാലിക്കാതെയാണ് റിട്രഞ്ച് ചെയ്തതെന്ന് വിലയിരുത്തിയതിനു ശേഷം തുച്ഛമായ നഷ്ടപരിഹാരം നല്കിയാൽ മതിയെന്നും തിരിച്ചെടുക്കേണ്ടതില്ലെന്നും ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ വിധിച്ചത് തെറ്റും അന്യായവുമാണെന്ന് തൊഴിലാളി വാദിച്ചു. നിയമാനുസൃതമായ രീതിയിലല്ല തൊഴിലാളി നിയമിക്കപ്പെട്ടതെന്ന് മേനേജ്മെന്റ് ബോധിപ്പിച്ചു. ചട്ടങ്ങൾ പാലിക്കാതെ നിയമിക്കപ്പെട്ട വ്യക്തിയെ തിരിച്ചെടുക്കാനാവില്ലെന്ന് മേനേജ്മെന്റ് വാദിച്ചു. എന്നാൽ നിയമന ചട്ടങ്ങൾ ഏതാണെന്ന് വ്യക്തമാക്കാൻ മേനേജ്മെന്റ് തയ്യാറായില്ല. പിരിച്ചുവിട്ടതിനു ശേഷം ഒരു വർഷം കഴിഞ്ഞ് റിട്രഞ്ച്മെന്റ് നഷ്ടപരിഹാരം നല്കിയ നടപടി നിയമ വ്യവസ്ഥകളുടെ പാലനമല്ലെന്നും തൊഴിലാളിയെ പിരിച്ചുവിട്ടത് നിയമവിരുദ്ധമാണെന്നും ഹൈക്കോടതി വിലയിരുത്തി. നിയമനം നടത്തിയത് ചട്ടങ്ങളും നടപടിക്രമങ്ങളും പാലിക്കാതെയാണെന്ന് തെളിയിക്കാൻ മേനേജ്മെന്റിന് സാധിക്കാത്തതിനാൽ തൊഴിലാളിയെ തിരിച്ചെടുക്കാൻ മേനേജ്മെന്റ് ബാധ്യസ്ഥമാണെന്ന് ഹൈക്കോടതി വ്യക്തമാക്കി. ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ വിധി റദ്ദാക്കിയ ഹൈക്കോടതി 50% മുൻകാല വേതനത്തോടെ തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന് മേനേജ്മെന്റിന് നിർദ്ദേശം നല്കി.